LIBRARY ARCHIVES Kerala Legislative Assembly

റാന്നി പെരിനാട്, ശബരിമല സബ് സ്റ്റേഷന്റെ നിർമ്മാണം

23 [1111] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി-പെരിനാട്, ശബരിമല എന്നിവിടങ്ങളിൽ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി എന്നാണ് വൈദ്യുതി ബോർഡ് പദ്ധതി തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ സബ് സ്റ്റേഷനും എത്ര വീതം ശേഷിയാണുണ്ടാവുക ; ഇവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതു വർഷമാണ് ആരംഭിച്ചിട്ടുള്ളത്; ഇവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ഡി) ഇവ എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) കമ്മീഷനിംഗ് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ; ഇവ പൂർത്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റാന്നി-പെരിനാട് സബ് സ്റ്റേഷന് 23-7-1999-ലെ ബോർഡ് ഓർഡർ പ്രകാരവും, ശബരിമല (ത്രിവേണി) സബ് സ്റ്റേഷന് 31-10-1994-ലെ ബോർഡ് ഓർഡർ പ്രകാരവും സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) റാന്നി-പെരിനാട്:-

5 എം. വി. എ. 33/11 കെ. വി. ട്രാൻസ്ഫോർമർ -1 എണ്ണം.

ശബരിമല (ത്രിവേണി):-

4 എം. വി. എ. 66/11 കെ. വി. ട്രാൻസ്ഫോർമർ -2 എണ്ണം.

റാന്നി-പെരിനാട് സബ് സ്റ്റേഷന്റെ പണി 2001-ലും, ശബരിമല (ത്രിവേണി) സബ് സ്റ്റേഷന്റെ പണി 1995-ലും ആരംഭിച്ചിട്ടുണ്ട്. റാന്നി-പെരിനാട് സബ് സ്റ്റേഷന്റെ പണി ഏകദേശം 10 ശതമാനത്തോളവും ശബരിമല (ത്രിവേണി) സബ് സ്റ്റേഷന്റെ പണി ഏകദേശം 15 ശതമാനത്തോളവും പൂർത്തിയായിട്ടുണ്ട്.

(ഡി) 2005-06 സാമ്പത്തിക വർഷത്തിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) റാന്നി-പെരിനാട് സബ് സ്റ്റേഷന്റെ പണി 6-4-2001-ൽ മെസ്സേഴ്സ്. എ. ആർ. എം.-ന് ടേൺ കീ വ്യവസ്ഥയിൽ കൊടുത്തുവെങ്കിലും അവർ പണി നിർത്തിവയ്ക്കുകയും, പിന്നീട് ഇതേ കമ്പനി തന്നെ മെസ്സേഴ്സ്. ഐക്കോം എന്ന പേരിൽ 2/2004-ൽ പുനരാരംഭിച്ച പണി ഇപ്പോൾ പുരോഗമിച്ചു വരുന്നു. സബ് സ്റ്റേഷനിലേക്കുള്ള 33 കെ. വി. ലൈൻ വലിക്കുന്നത് സംബന്ധിച്ച് ഒരു തർക്കം കേരള നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി മുമ്പാകെ തീർപ്പ് കൽപ്പിക്കുന്നതിന് നിലവിലുണ്ട്. കൂടാതെ പ്രസ്തുത ലൈൻ വലിക്കുന്നത് സംബന്ധിച്ച് ശ്രീമതി ജിമ്മി ചെറിയാനും, ശ്രീമതി ശോശാമ്മ ചെറിയാനും നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട കളക്ടറേറ്റിൽ ഒരു കേസും നിലവിലുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് പ്രകാരം നിർത്തി വച്ചിരുന്ന ശബരിമല (ത്രിവേണി) സബ് സ്റ്റേഷന്റെ പണി 4-11-2004-ലെ കോടതി വിധിയിലൂടെ പുനഃരാരംഭിച്ചിട്ടുണ്ട്.

കുമിളിയിൽ കെ. എസ്. ഇ. ബി. സബ് സ്റ്റേഷനും സെക്ഷൻ ഓഫീസും ആരംഭിക്കാൻ നടപടി

24 [1112] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.-യുടെ സബ് സ്റ്റേഷൻ സെക്ഷൻ ഓഫീസ് എന്നിവ കുമിളിയിൽ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) ആയതിലേക്ക് എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചിുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഓഫീസുകൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഓഫീസുകൾക്ക് എത്ര ജീവനക്കാർ വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഓഫീസുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി ഉത്തരവ് നൽകുമോ ?

ഉത്തരം

(എ ആന്റ് ബി) കെ. എസ്. ഇ. ബി.-യുടെ സബ് സ്റ്റേഷൻ കുമിളിയിൽ ആരംഭിക്കുന്നതിന് ബോർഡ് 5-5-2000-ൽ അനുമതി നൽകിയിട്ടുണ്ട്. സബ് സ്റ്റേഷൻ പണിയുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. സെക്ഷൻ ഓഫീസ് തുടങ്ങുവാൻ നടപടികൾ ഒന്നും എടുത്തിട്ടില്ല.

(സി) കുമിളി സബ് സ്റ്റേഷൻ 2006-2007 സാമ്പത്തിക വർഷത്തിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) സബ് സ്റ്റേഷന് പുതിയ ജീവനക്കാരെ വേണ്ടി വരില്ല.

LIBRARY ARCHIVES Kerala Legislative Assembly